സംസ്ഥാനത്തെ അപ്പർ പ്രൈമറി സ്കൂളുകളിൽ പി. ഡി. ടീച്ചർമാരായി ജോലി ചെയ്യുന്ന മലയാളം വിദ്വാൻമാർ

73 [1611] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അപ്പർപ്രൈമറി സ്കൂളുകളിൽ പി. ഡി. ടീച്ചർമാരായി എത്ര മലയാളം വിദ്വാൻമാർ ഇപ്പോൾ ജോലി ചെയ്യുന്നു; സർക്കാർ മേഖലയിലെത്ര; എയിഡഡ് മേഖലയിലെത്ര;

(ബി) ഇവരിൽ എത്ര പേർക്ക് ഹെഡ്മാസ്റ്റർ ആയി പ്രമോഷൻ നൽകിയിട്ടുണ്ട്; ഇല്ലെങ്കിൽ പ്രമോഷൻ നൽകാതിരിക്കാൻ കാരണമെന്ത്;

(സി) നിയമന കാര്യത്തിൽ ടി. ടി. സി. ക്കാരോടൊപ്പം ബാധകമാക്കിയ 2:1 എന്ന റേഷ്യോ പ്രമോഷൻ ഈ കാര്യത്തിലും ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മതവികാരത്തെ വ്രണപ്പെടുത്തുന്ന തരത്തിലുള്ള ചോദ്യങ്ങൾ ഒഴിവാക്കാൻ നടപടി

74 [1614] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:
,, വി. ഡി. സതീശൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. മോഹൻ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴാം ക്ലാസിലെ പരീക്ഷയ്ക്കുവേണ്ടി സംസ്ഥാനത്തെ സ്കൂളുകൾ പൊതുവായി ചോദ്യങ്ങൾ തയ്യാറാക്കുകയാണോ അതോ വിവിധ പ്രദേശങ്ങളിലുള്ള സ്കൂളുകൾ വ്യത്യസ്ത ചോദ്യങ്ങളാണോ തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) 2005 മാർച്ച് മാസത്തിലെ 7-ാം ക്ലാസ് വാർഷിക പരീക്ഷയുടെ മലയാളം സെക്കൻറ് പേപ്പറിൽ ഹാസ്യാത്മക വിവരണത്തിനായി ഹൈന്ദവ സമൂഹം ആരാധിക്കുന്ന ദേവൻമാരെ അധിക്ഷേപിക്കുന്ന വിധത്തിലുള്ള ചോദ്യം സംസ്ഥാനത്തൊട്ടാകെയോ സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശത്തോ ചോദിച്ചിട്ടുണ്ടോ;

(സി) മഹാവിഷ്ണുവിന്റെ ദശാവതാരങ്ങളിൽ ഒന്നായ ശ്രീ. പരശുരാമനെ ഹാസ്യാത്മകമായി ചിത്രീകരിച്ചുകൊണ്ട് ശ്രീ. ഹനുമാനെപ്പറ്റി അതേ വിധത്തിൽ ഹാസ്യാത്മക വിവരണമെഴുതണമെന്ന ഒരു ചോദ്യം പ്രസ്തുത പരീക്ഷയ്ക്ക് ചോദിച്ചിരുന്നോ;

(ഡി) ഇത് ഏതെങ്കിലും മതവിഭാഗത്തെ വ്രണപ്പെടുത്തുന്ന ചോദ്യമാണോ;

(ഇ) പ്രസ്തുത ചോദ്യപേപ്പറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ ചോദ്യം തയ്യാറാക്കിയതാരാണ്;

(ജി) ഈ ചോദ്യം ചോദിച്ച വ്യക്തിയുടേയോ സംഘടനാ നേതാക്കളുടേയോ മേൽ എന്തെങ്കിലും നടപടിയെടുത്തോ;

(എച്ച്) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഐ) ഇതിന് ഉത്തരവാദികളായവരെ ശിക്ഷണ നടപടികൾക്ക് വിധേയമാക്കുമോ?

ഉത്തരം

(എ) പൊതുവായി ചോദ്യപേപ്പറുകൾ തയ്യാറാക്കി സ്കൂളുകൾക്ക് നൽകുന്നില്ല. അക്കാദമിക് കൗൺസിലുകൾ, അദ്ധ്യാപക സംഘടനകൾ, പ്രൈവറ്റ് ഏജൻസികൾ എന്നിവരും ചോദ്യപേപ്പർ തയ്യാറാക്കി സ്കൂളുകൾക്ക് നൽകുന്നുണ്ട്. ഈ ഏജൻസികളൊക്കെ വ്യത്യസ്ത ചോദ്യങ്ങളാണ് തയ്യാറാക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി-ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്-ഐ) ബാധകമാകുന്നില്ല.

ഇടുക്കി ജില്ലയിൽ വിദ്യാഭ്യാസ വകുപ്പ് നടത്തിയ വികസന പ്രവർത്തനങ്ങൾ

75 [1616] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ വകുപ്പിൽനിന്നും ഇടുക്കി ജില്ലയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ പൂർത്തീകരിച്ചവയും ഇപ്പോൾ നടന്നുവരുന്നവയും ഇനി നടപ്പിലാക്കാനുള്ളവയും ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ;

(സി) ഓരോ ഇനത്തിനും എന്തു തുക വീതം ചിലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യ വികസനം, ലൈബ്രറി വികസനം, അദ്ധ്യാപക പരിശീലനം, കുട്ടികൾക്കുള്ള ധനസഹായം (കലാകായികരംഗം), പ്രത്യേക പരിശീലനം, വികലാംഗ വിദ്യാർത്ഥികൾക്കുള്ള ക്ഷേമപ്രവർത്തനം, ബുദ്ധിവൈഭവമുള്ള കുട്ടികൾക്കുള്ള ധനസഹായം, സമ്പൂർണ്ണ പോഷകാഹാര പരിപാടി, സൗജന്യ പഠനസാമഗ്രികളുടെ വിതരണം, ഇൻഫർമേഷൻ ടെക്നോളജി, കാളിററി ഇംപ്രൂവ്മെൻറ് പ്രോഗ്രാം, സർവ്വശിക്ഷാ അഭിയാൻ തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) എസ്. എസ്. എ. പദ്ധതി അനുസരിച്ച് 2004-05-ൽ അനുവദിച്ച തുകയിൽ ക്ലാസ് മുറികൾ, ടോയിലറൻ, കോമ്പൗണ്ട് വാൾ, സെപ്പറേഷൻ വാൾ, എന്നിവയുടെ ജോലികൾ പുരോഗമിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly